LIBRARY ARCHIVES Kerala Legislative Assembly

തുറമുഖങ്ങളുടെ വികസനത്തിനുള്ള രൂപരേഖ

*4 [244] ശ്രീ. വി. കെ. സി. മമ്മത്കോയ:

,, മഞ്ഞളാംകുഴി അലി:

,, എം. വി. ഗോവിന്ദൻ മാസ്റ്റർ:

,, സാജുപോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തുറമുഖങ്ങളുടെ വികസനത്തിന് രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; ഏതെല്ലാം തുറമുഖങ്ങൾ വികസിപ്പിക്കുന്നതിനായി ഉദ്ദേശിക്കുന്നു;

(ബി) സ്വകാര്യ മേഖലയുടെ പങ്കാളിത്തം ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതു സംബന്ധമായ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനലായി വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നവ ഏതൊക്കെയാണ്;

(ഡി) ഗ്ലോബൽ ഇൻവെസ്റ്റർ മീറ്റിൽ (ജിം) ഏതെല്ലാം തുറമുഖ പദ്ധതികളുടെ കാര്യത്തിൽ ഏതെല്ലാം സ്ഥാപനങ്ങൾ ധാരണാപത്രത്തിൽ ഒപ്പുവയ്ക്കുകയുണ്ടായി; ഇവയിൽ ഏതെല്ലാം സ്ഥാപനങ്ങൾ പദ്ധതികളുമായി മുന്നോട്ട് പോകുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ):

(എ) ഉണ്ട്. അഴീക്കൽ, ബേപ്പൂർ, പൊന്നാനി, മുനമ്പം, ആലപ്പുഴ, തങ്കശ്ശേരി, വിഴിഞ്ഞം എന്നീ തുറമുഖങ്ങൾ വികസിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നു.

(ബി) ഉണ്ട്. ഇതിനുവേണ്ടി ഓരോ തുറമുഖങ്ങൾക്കും വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി തൽപ്പരരായ നിക്ഷേപകരെ പത്രപ്പരസ്യം മുഖേന ക്ഷണിച്ചാണ് തെരഞ്ഞെടുക്കുന്നത്.

(സി) വിഴിഞ്ഞത്ത് ഒരു അന്താരാഷ്ട്ര നിലവാരത്തിലുള്ള കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു.

(ഡി) ഗ്ലോബൽ ഇൻവെസ്റ്റർ മീറ്റിൽ ബേപ്പൂർ തുറമുഖത്തിന്റെ വികസനത്തിന് പാരിസൺസ് ഗ്രൂപ്പ് കമ്പനിയുമായി ധാരാണാപത്രത്തിൽ ഒപ്പുവച്ചിട്ടുണ്ട്. ടി കമ്പനി തുറമുഖ വികസനത്തിന് വേണ്ടി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. പ്രസ്തുത റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.